➪ *പൗരന്മാരുടെ അവകാശങ്ങൾ ഉറപ്പുവരുത്താൻ ഭരണകൂടത്തിന് കഴിയുന്നില്ല* ➪

# ഭരണകൂടങ്ങളുടെ അമിതാധികാര പ്രവണതകൾ

ആധുനിക ഭരണകൂടങ്ങൾ എന്തുകൊണ്ട് കൂടുതൽ ഹിംസാത്മകമാകുന്നു, നിയമത്തിന്റെ പിൻബലമുള്ള സൈനിക– അർദ്ധസൈനിക സായുധ സന്നാഹങ്ങൾ മനുഷ്യാവകാശങ്ങളെ എങ്ങനെയെല്ലാം ഹനിക്കുന്നു, മുതലാളിത്ത വികസനം എന്തുകൊണ്ട് ഏകപക്ഷീയമാകുന്നു.

**പ്രൊഫ. ജി. ഹരഗോപാൽ / കേരളീയം**

ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ പഠന കേന്ദ്രത്തിലെ പ്രൊഫസറാണ് ജി. ഹരഗോപാൽ

**ഭീകരപ്രവർത്തനങ്ങൾ നേരിടുന്നതിനായി ഭരണകൂടങ്ങൾ നിർമ്മിക്കുന്ന നിയമങ്ങളും നിയന്ത്രണ സംവിധാനങ്ങളും ഭീകരപ്രവർത്തനങ്ങളെപ്പോലെ തന്നെ അക്രമണോത്സുകവും നിർദ്ദയവുമായി മാറുകയാണല്ലോ. ഇന്ത്യയിലും നിരവധി മനുഷ്യാവകാശ ലംഘനങ്ങൾ ഭീകരതയെ പ്രതിരോധിക്കുന്നതിന്റെ പേരിൽ നടക്കുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിന്റെ പേരിൽ നിയമവാഴ്ചയെ അതിലംഘിക്കാനുള്ള ഭരണകൂടങ്ങളുടെ ഈ ഉന്മുഖതയെക്കുറിച്ച് പഠിച്ചുള്ള താങ്കളുടെ നിരീക്ഷണങ്ങൾ ഇക്കാര്യത്തിൽ എന്തെല്ലാമാണ്?**

ഒരു ജനാധിപത്യ ഭരണക്രമത്തിൽ നിയമവാഴ്ചയ്ക്കുള്ള അധികാരം എപ്പോഴും സർക്കാറിൽ നിക്ഷിപ്തമായിരിക്കും. പക്ഷെ ആ അധികാരം സ്വേച്ഛാധിപത്യപരമായ പ്രവണതയിലേക്ക് വഴുതി മാറാതിരിക്കാനുള്ള വ്യവസ്ഥകൾ ഭരണഘടനയും നിയമവാഴ്ചയും എപ്പോഴും ഉറപ്പുവരുത്തുന്നുണ്ടാകും. എന്നാൽ ആഗോളമായി തന്നെ ഭരണകൂടങ്ങൾ ഈ വ്യവസ്ഥകളെ മറികടക്കുകയും ഉഗ്രവാഴ്ചകളിലേക്ക് വഴുതി മാറുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നത്. ഇന്ത്യൻ ഭരണഘടന എല്ലാവിധ അവകാശങ്ങളെയും അനുഭവിക്കാനും  ആസ്വദിക്കാനുമുള്ള അവകാശം എല്ലാ പൗരന്മാർക്കും നൽകുന്നുണ്ട്. എന്നാൽ സമൂഹത്തിൽ നിലനിൽക്കുന്ന അടിസ്ഥാനപരമായ ചില അസമത്വങ്ങൾ പരിഹരിക്കപ്പെടാതെ എല്ലാ പൗരന്മാർക്കും ഈ ആസ്വാദനം സാധ്യമാവുകയില്ല. സാമൂഹിക അനീതികളും ദാരിദ്ര്യവും പരിഹരിക്കപ്പെടുന്ന സാഹചര്യത്തിൽ മാത്രമാണ് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ അർത്ഥപൂർണ്ണമാകുന്നത്. അനീതികൾ നിലനിൽക്കുന്ന സ്ഥലത്ത് ഭരണകൂടത്തിന് പൗരന്മാരുടെ അവകാശങ്ങൾ ഉറപ്പുവരുത്താൻ കഴിയില്ല എന്നതുകൊണ്ടാണ് ഭരണകൂടത്തിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നത്. ഭീകര പ്രവർത്തനങ്ങൾ പോലും ഉടലെടുക്കുന്നതിന് പിന്നിൽ അത്തരം അനീതികളുടെ നേരിട്ടോ അല്ലാതെയോ ഉള്ള സ്വാധീനമുണ്ട്. എന്നാൽ അത് മനസ്സിലാക്കാതെ ഭീകരപ്രവർത്തനങ്ങളെ അതേ നാണയത്തിൽ ചെറുത്തുതോൽപ്പിക്കാനാണ് ഭരണകൂടങ്ങൾ ശ്രമിക്കുന്നത്. നിയമവാഴ്ചയുടെ പിൻബലത്താൽ നടക്കുന്ന ഭരണകൂടത്തിന്റെ ഈ

⇨ യുദ്ധത്തിന് പരിഹരിക്കാൻ കഴിഞ്ഞത് രോഗലക്ഷണം മാത്രമാണെന്ന് ഇന്ന് നമ്മൾ തിരിച്ചറിയുന്നുണ്ട് ⇨



ഭരണകൂടത്തിന്റെ പ്രതിഭീകരതയുടെ ഏറ്റവും വലിയ അപകടം അവർക്ക് നിയമത്തിന്റെ പിൻബലമുള്ള സൈനിക–അർദ്ധസൈനിക സായുധ സന്നാഹമുണ്ട് എന്നതാണ്. അത് വളർന്നുകൊണ്ടേയിരിക്കുകയാണ്. ഇന്ത്യയുൾപ്പെടെയുള്ള ഭരണകൂടങ്ങൾ ഇന്ന് പൂർണ്ണമായും confrontationalist mood ൽ ആണ്

'പ്രതിഭീകരത' മനുഷ്യാവകാശങ്ങളെ ഹനിക്കുന്ന കാഴ്ചയാണ് ലോകത്തെവിടെയും കാണാൻ കഴിയുന്നത്. ഭീകരതയ്ക്ക് അറുതിവരുത്താൻ പ്രതിഭീകരതയിലൂടെ കഴിഞ്ഞതുമില്ല.

രണ്ട് തരത്തിൽ നിങ്ങൾക്ക് ഭീകരതയെ അഭിമുഖീകരിക്കാം. ഒന്ന് സംഘടനത്തിലൂടെ ഭീകരപ്രവർത്തനങ്ങളെ നേരിടുന്ന രീതി (confrontationalist approach). രണ്ട്, സാഹചര്യങ്ങളെ മനസ്സിലാക്കി ഭീകരതയെ പ്രതിരോധിക്കുന്ന രീതി (contextualist approach). ഭീകരതയ്ക്ക് കാരണഹേതുവായ സംഭവങ്ങളെക്കുറിച്ച് മനസ്സിലാക്കി, വിശകലനം ചെയ്ത് നേരിടാൻ ശ്രമിക്കുന്ന രീതി contextualist approach ആണ് ഏറെ അഭികാമ്യമായത്. എന്നാൽ confrontationalist approach പിന്തുടരുന്ന ഭരണകൂടങ്ങൾ സൈനികശേഷി ഉപയോഗിച്ച് തുടച്ചുനീക്കാൻ കഴിയുന്ന ഒന്നായാണ് ഭീകരതയെ ഇന്ന് കാണുന്നത്. വേരുകൾ എവിടെയെന്നറിയാതെ നിങ്ങൾക്ക് ഒരു പ്രശ്നത്തെയും പിഴുതെറിയാൻ കഴിയില്ല. വേരുകൾ അന്വേഷിച്ചാൽ ഒസാമ ബിൻലാദൻ അമേരിക്കയുടെ തന്നെ സൃഷ്ടിയാണ് എന്ന് കാണാൻ കഴിയും. എന്നാൽ ബിൻലാദൻമാരെ സൃഷ്ടിക്കുന്ന നയം തുടരുന്ന അമേരിക്കയ്ക്ക് ആ ചരിത്രം ചർച്ച ചെയ്യാൻ ആഗ്രഹമില്ല. നിലവിലുള്ള ബിൻ ലാദൻ എന്ന ശത്രുവിനെ നിഗ്രഹിക്കുന്നതിലൂടെ ഭീകരതയ്ക്ക് തടയിടാൻ കഴിഞ്ഞു എന്ന പ്രതീതി സൃഷ്ടിക്കുകയാണ് അമേരിക്ക ചെയ്യുന്നത്.

സെപ്തംബർ 11ലെ ഭീകരാക്രമണത്തിൽ പങ്കെടുത്തവരെല്ലാം അഭ്യസ്തവിദ്യരും പൈലറ്റുമാരും എഞ്ചിനീയർമാരുമായിരുന്നു. ദാരിദ്ര്യം കാരണം ജിഹാദ് ആകാൻ തീരുമാനിച്ചവരൊന്നുമല്ല അവർ. പിന്നെ എന്തുകൊണ്ട് അവർ തീവ്രവാദികളായി മാറുന്നു എന്ന ചോദ്യം പ്രധാനമാകുന്നത് അതുകൊണ്ടാണ്. ഭീകരവിരുദ്ധ യുദ്ധത്തിന്റെ പേരിൽ ഇത്രയേറെ കൊലപാതകങ്ങൾ നടത്തിയിട്ടും തങ്ങളുടെ പൗരന്മാർക്ക് സുരക്ഷ ഉറപ്പുവരുത്താൻ അമേരിക്കയ്ക്ക് കഴിഞ്ഞിട്ടില്ല. ഭീകരതയുടെ മൂലകാരണങ്ങളെ അഭിമുഖീകരിക്കാൻ അമേരിക്ക തയ്യാറാകാത്ത കാലത്തോളം അവർക്കതിന് കഴിയില്ല. ഇസ്രയേലിന്റെ രൂപീകരണം തന്നെയാണ് ഇസ്ലാമിക തീവ്രവാദത്തിന്റെ പ്രധാന കാരണം. പലസ്തീൻ ജനതയുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്ന കാലത്തോളം ആ ടെൻഷൻ നിലനിൽക്കും. എൽ.ടി.ടി.ഇ ഭീകരതയ്ക്കും കാരണമായിത്തീർന്നത് തമിഴ് വംശജരോടുള്ള സിംഹളരുടെ നയങ്ങൾ തന്നെയാണ്. എന്നാൽ സിംഹളർ അവർക്കെതിരെ യുദ്ധം തുടങ്ങി. എത്രകാലമാണ് യുദ്ധം നീണ്ടുനിന്നത്. യുദ്ധത്തിന് പരിഹരിക്കാൻ കഴിഞ്ഞത് രോഗലക്ഷണം മാത്രമാണെന്ന് ഇന്ന് നമ്മൾ തിരിച്ചറിയുന്നുണ്ട്.

ഭരണകൂടത്തിന്റെ പ്രതിഭീകരതയുടെ ഏറ്റവും വലിയ അപകടം അവർക്ക് നിയമത്തിന്റെ പിൻബലമുള്ള സൈനിക-അർദ്ധസൈനിക സായുധ സന്നാഹമുണ്ട് എന്നതാണ്. അത് വളർന്നുകൊണ്ടേയിരിക്കുകയാണ്. ഇന്ന് ഇന്ത്യയുൾപ്പെടെയുള്ള ഭരണകൂടങ്ങൾ പൂർണ്ണമായും confrontationalist mood ൽ ആണ്. പക്ഷെ അവരുടെ സംഘട്ടനങ്ങൾക്ക് ഭീകരതയെ പ്രതിരോധിക്കാൻ കഴിയുന്നില്ലെന്നാണ് അനുദിനം തെളിഞ്ഞുകൊണ്ടിരി

ക്കുന്നത്.

**എന്നിട്ടും കൂടുതൽ ശക്തമായ പോലീസിംഗിലൂടെയും കരിനിയമങ്ങളിലൂടെയും ഭീകരതയെ തടയാം എന്ന ധാരണയിൽ തന്നെയാണല്ലോ ഇന്ത്യയും തുടരുന്നത്?**

ഇന്ത്യൻ ഭരണകൂടം വല്ലാത്ത സംഭ്രമത്തിലാണ്. തങ്ങളുടെ അമിതാധികാര പ്രവണതകൾ നിരന്തരം ചോദ്യം ചെയ്യപ്പെടുന്നത് അവരെ അസ്വസ്ഥരാക്കുന്നുണ്ട്. ആഭ്യന്തരവും ബാഹ്യവുമായ പ്രശ്നങ്ങൾ ഇന്ത്യയിൽ കൂടിക്കൊണ്ടിരിക്കുകയാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളും കാശ്മീരും നക്സൽ സ്വാധീന മേഖലകളും നിരന്തരം അസ്വസ്ഥതകൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. അവർ ഇന്ത്യൻ ദേശീയതെ അംഗീകരിക്കുന്നില്ലെങ്കിൽ അവരെ സൈന്യത്തെ ഉപയോഗിച്ച് നേരിടുകയല്ല വേണ്ടത്. അവരുടെ സ്വയംഭരണാവകാശത്തെ അംഗീകരിക്കാൻ ഇന്ത്യൻ സ്റ്റേറ്റ് തയ്യാറാകണം. ഇന്ത്യൻ സൈന്യത്തെ നേരിടേണ്ടിവരുന്ന ഇന്ത്യയിലെ ജനതയ്ക്ക് സ്വയം അവഹേളിതരായി തോന്നുക സ്വാഭാവികമാണ്. സൈന്യം അവരെ തോൽപ്പിക്കുകയല്ല, അവഹേളിക്കുകയാണ് ചെയ്യുന്നത്. എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങളെ അംഗീകരിച്ചാൽ മാത്രമെ ഒരു ബഹുസ്വര സമൂഹത്തിന് നിലനിൽക്കാൻ കഴിയൂ. ബഹുസ്വര സമൂഹത്തിന് ചേരുന്ന തരത്തിലുള്ള ഭരണക്രമമല്ല നിലവിൽ ഇന്ത്യയിലുള്ളത്. ഇന്ത്യ അത്രമേൽ കേന്ദ്രീകൃതമാണ്. കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിന് ബഹുസ്വര സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസമാണെന്നാണ് എന്റെ വിശ്വാസം. ആ കേന്ദ്രീകരണത്തെയാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളും കാശ്മീരും നക്സൽ ഗ്രാമങ്ങളുമെല്ലാം ചോദ്യം ചെയ്യുന്നത്. ശക്തനായ ഒരു പ്രധാനമന്ത്രിയെയല്ല നമുക്ക് വേണ്ടത്. ശക്തരായ തദ്ദേശീയ ജനപ്രതിനിധികളെയാണ്. എല്ലാ സ്വത്വങ്ങൾക്കും ഇടമുണ്ടാകുന്നത് അധികാരം വികേന്ദ്രീകരിക്കപ്പെടുമ്പോഴാണ്. കേന്ദ്രീകൃതാധികാരത്തെ ചോദ്യം ചെയ്യുന്നവരെയെല്ലാം പോലീസിംഗിലൂടെ നേരിടാം എന്ന മൗഢ്യത്തിലാണ് ഇന്ന് ഇന്ത്യൻ ഭരണകൂടം.

**തെലുങ്കാന സംസ്ഥാന രൂപീകരണത്തിനായി നടക്കുന്ന സമരത്തെ പിന്തുണച്ചുകൊണ്ട് താങ്കൾ എഴുതിയിട്ടുണ്ട്. സ്വതന്ത്ര രാഷ്ട്രവാദത്തെക്കുറിച്ചുള്ള താങ്കളുടെ നിലപാടെന്താണ്? പ്രാദേശികവാദമാണോ അവികസിതവും അനീതിനിറഞ്ഞതുമായ ജീവിതമാണോ അതിന് കാരണമായിത്തീരുന്നത്?**

വികസിത പ്രദേശങ്ങൾ കൂടുതൽ വികസിച്ചുകൊണ്ടിരിക്കുന്നതായും അവികസിത പ്രദേശങ്ങൾ അവികസിതമായി തുടരുന്നതായുമാണ് ഏറെക്കാലങ്ങളായുള്ള ഇന്ത്യൻ യാഥാർത്ഥ്യം. തങ്ങൾക്ക് കൂടുതലായുള്ള വിഭവശേഷി അവികസിത പ്രദേശവുമായി പങ്കുവയ്ക്കാൻ വികസിത പ്രദേശങ്ങൾക്ക് കഴിയുന്നില്ല. അത്തരമൊരു നയം ഭരണകൂടത്തിനുമില്ല. അധികാരികൾക്കിടയിലും ഭരണസ്ഥാപനങ്ങളിലും മാധ്യമങ്ങളിലുമുള്ള സ്വാധീനശേഷി ഉപയോഗിച്ച് വികസിത പ്രദേശങ്ങൾ കൂടുതൽ വിഭവങ്ങൾ കൈവശപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. അവികസിത പ്രദേശങ്ങൾക്ക് ഭരണ-മാധ്യമ സ്വാധീനങ്ങൾ തുലോം കുറവായതിനാൽ അവർക്ക് അതിന് കഴിയാറില്ല. നിലവിലുള്ള ഈ വ്യവസ്ഥയിൽ തങ്ങൾ അവികസിതരായി തന്നെ തുടരും എന്ന തോന്നലിൽ നിന്നാണ് മിക്ക സ്വതന്ത്രരാഷ്ട്രവാദങ്ങളും ഉയർന്നുവരുന്നത്. അവികസിതമായ തങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിനായി എന്തെങ്കിലും ചെയ്യണമെങ്കിൽ അവരുടേതായ ഭരണകൂടം സ്ഥാപിക്കപ്പെടണം എന്ന സ്ഥിതിയാണുള്ളത്.

ഉദാഹരണമായി ആന്ധ്രപ്രദേശും കർണ്ണാടകയും തമ്മിൽ നിലനിൽക്കുന്ന കൃഷ്ണാ നദീജല തർക്കം നോക്കാം. തർക്കപരിഹാരത്തിനായി നടക്കുന്ന യോഗത്തിൽ പലപ്പോഴും പ്രതിഫലിക്കപ്പെടുന്നത് ആന്ധ്രയിലെ വികസിത പ്രദേശങ്ങളുടെ താത്പര്യങ്ങളാണ്. വികസിത പ്രദേശങ്ങൾക്ക് വെള്ളം കൂടുതൽ കൊടുക്കുന്നതിനുവേണ്ടിയാണ് നദീജല തർക്കത്തിൽ ആന്ധ്രസർക്കാർ സംസാരിക്കാറുള്ളത്. മഴകുറഞ്ഞ തെലുങ്കാനയിലെ അവികസിത ഗ്രാമങ്ങൾക്ക് വെള്ളം വേണമെന്ന ആവശ്യം ആന്ധ്രയുടെ പൊതു ആവശ്യമായി വരാറില്ല. അതുകൊണ്ടുതന്നെ ആന്ധ്രപ്രദേശിന് കിട്ടുന്ന വെള്ളം തെലുങ്കാനയ്ക്ക് കിട്ടാറില്ല. ദരിദ്രമായ തെലുങ്കാനയ്ക്ക് രാഷ്ട്രീയാധികാരം കുറവായതിനാലാണ് ഇത് സംഭവിക്കുന്നത്. നിലവിലെ ഈ സംവിധാനത്തിനുള്ളിൽ, പ്രത്യേക സംസ്ഥാനം രൂപീകരിക്കുക മാത്രമാണ് പരിഹാരമെന്ന് അവർ ചിന്തിക്കാൻ കാരണം അതാണ്. എല്ലാ സ്വതന്ത്രരാഷ്ട്രവാദങ്ങളും പരിശോധിക്കുകയാണെങ്കിൽ അവികസിത പ്രദേശങ്ങളോടുള്ള ഒരു അനീതി അതിൽ പ്രതിഫലിക്കുന്നതായി കാണാൻ കഴിയും.

തെലുങ്കാന മാത്രമല്ല, ഇന്ത്യയിൽ 22 സ്വതന്ത്ര സംസ്ഥാനങ്ങൾക്കായുള്ള സമരങ്ങൾ നടക്കുന്നുണ്ട്. നിലവിലെ വ്യവസ്ഥയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നീതിയും ന്യായവും നഷ്ടപ്പെടുന്നവരാണ് ഈ സമരക്കാരെല്ലാം. നിലവിലെ വികസന മാതൃകയെ ഉൾക്കൊള്ളാൻ കഴിയാത്തവരാണ് അവരെല്ലാം. ആന്ധ്രപ്രദേശിൽ വന്ന വികസനത്തിന്റെയെല്ലാം ഗുണഫലങ്ങൾ നാളുകളായി അനുഭവിക്കുന്നത് തീരദേശ ആന്ധ്രാ ഗ്രാമങ്ങളാണ്. കൃഷ്ണ-ഗോദാവരി



തെലുങ്കാനയുടെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കുന്ന കാർട്ടൂൺ.

തെലുങ്കാന മാത്രമല്ല, ഇന്ത്യയിൽ 22 സ്വതന്ത്ര സംസ്ഥാനങ്ങൾക്കായുള്ള സമരങ്ങൾ നടക്കുന്നുണ്ട്. നിലവിലെ വ്യവസ്ഥയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നീതിയും ന്യായവും നഷ്ടപ്പെടുന്നവരാണ് ഈ സമരക്കാരെല്ലാം

ഡാമുകളുടെയും ഹരിത വിപ്ലവത്തിന്റെയും നേട്ടങ്ങൾ അനുഭവിക്കാൻ കഴിഞ്ഞത് തീരദേശ ആന്ധ്രയ്ക്കാണ്. അങ്ങനെ സമ്പന്നരായ ഗ്രാമീണർ ഹൈദരാബാദിലാണ് നിക്ഷേപമെല്ലാം നടത്തിയത്. ഹൈദരാബാദ് നഗരത്തിലെ രണ്ട് ലക്ഷം ഏക്കർ സ്ഥലത്തിന്റെ ഉടമകൾ തീരദേശ ആന്ധ്രാപ്രദേശുകാരാണ്. തെലുങ്കാനയുടെ ഭാഗമായ ഹൈദരാബാദിൽ നിന്നും തെലുങ്കാനക്കാർ പുറത്താക്കപ്പെട്ടു. തെലുങ്കാനയും തീരദേശ ആന്ധ്രയും തമ്മിലുള്ള അന്തരം അനുദിനം കൂടിവന്നു. ആ അവികസിതാവസ്ഥയിൽ നിന്നാണ് സ്വതന്ത്ര തെലുങ്കാന സമരം ഉയർന്നുവരുന്നത്. ആ അർത്ഥത്തിലാണ് ഞാനും അതിനെ പിന്തുണയ്ക്കുന്നത്.

**ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിച്ചത് എന്താണ്?**

ഹരിതവിപ്ലവം നേട്ടമുണ്ടാക്കി എന്നല്ല ഉദ്ദേശിച്ചത്. ഹരിതവിപ്ലവത്തിന്റെ പ്രശ്നമായിട്ടാണ് ഞാൻ അത് പറയുന്നത്. ഹരിതവിപ്ലവത്തിന്റെ നേട്ടമെന്ന് പറയാവുന്ന വിളവ് കൂടുതൽ കിട്ടിയതെല്ലാം വികസിത പ്രദേശങ്ങൾക്കാണ്. അതായത് വെള്ളം നന്നായി ലഭിക്കുന്ന പ്രദേശങ്ങൾക്ക്. വെള്ളം കുറച്ച് ലഭിക്കുന്ന, വരൾച്ചാബാധിതമായ അവികസിത പ്രദേശങ്ങൾക്ക് ഹരിതവിപ്ലവം ഒരു ഗുണവും ചെയ്തില്ല. തെലുങ്കാന അത്തരത്തിലുള്ള പ്രദേശമാണ്. ഒരു കാലത്തും അവിടേക്ക് വെള്ളമെത്തിക്കുന്നതിനോ കൃഷിയെ സഹായിക്കുന്നതിനോ ഉള്ള നടപടികൾ സർക്കാറുകളുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. 1852ൽ ആന്ധ്രയിൽ നിർമ്മിക്കപ്പെട്ട രണ്ട് പ്രധാന ഡാമുകളും (കൃഷ്ണയും ഗോദാവരിയും) തീരദേശത്തെ സമ്പന്ന കർഷക ഗ്രാമങ്ങൾക്ക് വെള്ളമെത്തിക്കുന്നതരത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. അത്തരത്തിൽ ഇറിഗേഷൻ വഴി സമ്പന്നമായ പ്രദേശത്തിനാണ് പിന്നീട് ഹരിതവിപ്ലവത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിഞ്ഞത്. പണ്ടേ സമ്പന്നമായിരുന്ന പ്രദേശങ്ങൾ അതിസമ്പന്നമാക്കുകയാണ് ഹരിതവിപ്ലവം ചെയ്തത്. അത് അനീതികളുടെ വ്യാപ്തി വർദ്ധിപ്പിച്ചു. ആ അതിസമ്പന്നത കാർഷികേതര പ്രവർത്തനങ്ങളിലേക്ക് പണം നിക്ഷേപിക്കപ്പെടുന്നതിന് കാരണമായി. നഗരവത്കരണം കൂടി.

ആന്ധ്ര തന്നെ ഉദാഹരണമായെടുത്താൽ കാണാൻ കഴിയും. ഹരിതവിപ്ലവത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിഞ്ഞ പ്രദേശങ്ങളിൽ നിന്നുള്ളവരാണ് ആന്ധ്രയിലെ വലിയ ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും മാധ്യമസ്ഥാപനങ്ങളുടെയും അധിപരായിത്തീർന്നത്. വ്യവസായങ്ങൾ മിക്കതും അവരാണ് നിയന്ത്രിക്കുന്നത്. അത്രയും പ്രബലരായ വിഭാഗമുള്ളപ്പോൾ മിക്ക ആനുകൂല്യങ്ങളും

അവരിലേക്ക് എത്തിച്ചേരുന്നത് സ്വാഭാവിക മാണ്. ഹരിതവിപ്ലവത്തിന്റെ സൃഷ്ടിയാണ് ഈ അനീതി. ഹരിതവിപ്ലവം വരുന്നത് 1968 ലാണ്. ആന്ധ്രയിൽ നക്സൽ പ്രസ്ഥാനം സജീവമാകുന്നത് 1969ന് ശേഷവും. അതു തന്നെ ഹരിതവിപ്ലവം കൊണ്ടുവന്ന അനീ തിയെക്കുറിച്ചുള്ള വ്യക്തമായ സൂചനയാണ് നൽകുന്നത്.

**പൗരന്മാരുടെ സുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഭരണകൂടങ്ങളുടെ പ്രധാന ദൗത്യം എന്ന നിലയിലേക്ക് ഇന്ന് കാര്യ ങ്ങൾ മാറുന്നില്ലേ? സുരക്ഷയുടെ പേരിൽ നിയമങ്ങൾ ശക്തമാവുകയും വ്യക്തി സ്വാതന്ത്ര്യത്തിന് മേലുള്ള ഭരണകൂട നി യന്ത്രണങ്ങൾ കൂടുതൽ കർശനമാവുക യും ചെയ്യുന്നതായാണ് സമകാലിക അ നുഭവങ്ങൾ. ദേശരാഷ്ട്രങ്ങളും നിയമവാ ഴ്ചയുമെല്ലാം രൂപമെടുത്ത കാലത്ത് ത ന്നെ പൗരസുരക്ഷയുടെ പേരിൽ ഇത്തരം നിയന്ത്രണങ്ങൾ നിലനിന്നിരുന്നോ?**

അധികാരത്തിന്റെ ഒരു ഉപോത്പന്നം തന്നെ യാണ് ഭരണകൂടം. ഫ്യൂഡൽ പ്രഭുക്കന്മാരു ടെ കൈവശമുണ്ടായിരുന്ന അധികാരം ജ നാധിപത്യ ക്രമത്തിലേക്ക് കൈമാറ്റം ചെയ്യ പ്പെടുന്നതോടെയാണ് ആധുനിക ഭരണകൂട ങ്ങൾ രൂപീകൃതമാകുന്നത്. വ്യത്യാസം ഒ ന്നുമാത്രം. ഫ്യൂഡൽ പ്രഭുക്കന്മാരുടെ അധി കാരത്തെ ജനങ്ങൾക്ക് ചോദ്യം ചെയ്യാൻ ക ഴിയുമായിരുന്നില്ല. ചോദ്യം ചെയ്യപ്പെടാനാ കാത്ത, ദൈവദത്തമായ അധികാരമായാണ് ഫ്യൂഡൽ വ്യവസ്ഥ നിലനിന്നിരുന്നത്. ആ ധുനിക ദേശരാഷ്ട്രങ്ങളുടെ രൂപീകരണ ത്തോടെ ഈ ദൈവദത്തമായ അധികാരം ജനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയാ ണ് ചെയ്തത്. അധികാരത്തിന്റെ ഉറവിടം ജനങ്ങളായിമാറുകയും അവരാൽ തിര ഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിലേക്ക് ആ അധികാരത്തിന്റെ ഒരു പങ്ക് ജനം കൈ മാറുകയും ചെയ്തു. ജനങ്ങളുടെ അധികാ രമാണ് തങ്ങൾ നടപ്പിലാക്കുന്നത് എന്നതി നാൽ ജനാധിപത്യ ക്രമത്തിലെ ജനപ്രതിനി ധികൾക്ക് സ്വേച്ഛാപരമായ അധികാര പ്രവ ണതകളിലേക്ക് പോകാൻ കഴിയില്ല. അതി നായാണ് ഭരണഘടനയും നിയമവ്യവസ്ഥ യുമെല്ലാം രൂപീകരിക്കപ്പെട്ടത്. ആ നിയമ ങ്ങൾക്കനുസൃതമായാണ് ജനപ്രതിനിധി കൾ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അ ധികാരം വ്യവഹരിക്കുന്നത്. നിയമത്തിന് മു ന്നിൽ എല്ലാവരും സമന്മാരാണെന്നും ആ രും നിയമത്തിന് അതീതരല്ലെന്നുമുള്ള സാർവ്വലൗകികമായ ഒരു നിയമവ്യവസ്ഥയ് ക്ക് അനുസരിച്ചാണ് ജനാധിപത്യ ഭരണകൂട ങ്ങൾ പ്രവർത്തിച്ചു തുടങ്ങിയത്. ഭരണനിർ വഹണത്തിനായി ജനങ്ങൾക്കും ജനപ്രതി നിധികൾക്കും ഇടയിൽ ഉടലെടുത്ത സാമൂ ഹ്യ ഉടമ്പടിയെ നിയമവിധേയമാക്കുകയാ ണ് ജനാധിപത്യ ഭരണക്രമം ചെയ്തത്.

എന്നാൽ ആധുനിക ദേശരാഷ്ട്രങ്ങളു ടെ രൂപീകരണത്തിന് കാരണമായിത്തീർന്ന ചരിത്ര കാരണങ്ങൾ, ജനാധിപത്യ ഭരണകൂ ടങ്ങളിൽ നിന്നും പ്രതീക്ഷിച്ച ചില പ്രാഥമി ക ഉത്തരവാദിത്തങ്ങളെപ്പോലും സഫലീക രിക്കാൻ അവയ്ക്ക് കഴിയാതെ പോയി. നി യമവ്യവസ്ഥ നിലനിൽക്കുന്നതിനുള്ള മുന്നു പാധിയായ പ്രാഥമിക ജീവിതനിലവാരം എ ല്ലാ പൗരന്മാർക്കും ഉറപ്പുവരുത്തുന്നതിൽ ജ നാധിപത്യ ഭരണകൂടങ്ങൾ തീർത്തും പരാ ജയപ്പെട്ടു. ഭീകരമായ അസമത്വം നിലനിൽ ക്കുന്ന സമൂഹത്തിൽ നിയമവാഴ്ച നടത്താ നുള്ള വിഫലമായ ശ്രമമാണ് ജനാധിപത്യ ഭരണകൂടങ്ങൾ പിൽക്കാലത്ത് നടത്തിയത്. അധഃസ്ഥിതാവസ്ഥ നിലനിൽക്കുന്ന ഒരു സ മൂഹത്തിൽ കേവലം നിയമനിർവ്വഹണത്തി നുള്ള ഒരു ഏജൻസി മാത്രമായി ഭരണകൂട ങ്ങൾക്ക് നിൽക്കാൻ കഴിയില്ല എന്ന കാര്യം ഇന്ന് നമുക്ക് ബോധ്യമുള്ളതാണ്. വിശക്കു ന്ന മനുഷ്യനും നിയമവിധേയനാകണമെന്ന ത് ഒരു ജുഡീഷ്യൽ ശുഭപ്രതീക്ഷമാത്രമാ ണ്. അവന്റെ ജീവിതാവസ്ഥ മെച്ചപ്പെടുത്താ നും വിശപ്പിൽ നിന്നും മോചനം നേടാനുമു ള്ള സാഹചര്യം സൃഷ്ടിക്കപ്പെടാതെ നിയമ വ്യവസ്ഥയെ അതിന്റെ പ്രാഥമികവും ഭൗതി കവുമായ അർത്ഥത്തിൽ നടപ്പിലാക്കാൻ ക ഴിയില്ല. നിയമത്തിന് മുന്നിൽ എല്ലാവരും സ മന്മാരാണെന്ന് പറയുമ്പോൾ മൂർത്തമായ അർത്ഥത്തിൽ സമത്വം നിലനിൽക്കുന്നു എ ന്ന് കരുതുന്നത് ഒരു നിയമവ്യാവഹാരികമാ യ മിഥ്യ (juridical illusion) മാത്രമാണ്. അനീതികൾ പരിഹരിക്കാൻ ജനാധിപത്യ ഭ രണകൂടങ്ങൾക്ക് കഴിയാതെ വന്നതോടെ അധികാരമെന്നത് സ്വാഭാവികമായും ശക്ത രായ സാമൂഹിക വിഭാഗങ്ങളോട് മാത്രം നീ തിപുലർത്തുന്ന ഒന്നായി മാറി. അനീതികൾ അനുഭവിക്കുന്നവരുടെ പ്രതിഷേധങ്ങളെ നി യന്ത്രിക്കുന്നതിനുള്ള ഉപാധിയായി നിയമ വാഴ്ചയെ ഭരണകൂടം മാറ്റിയെടുത്തു. ഭരണ കൂടത്തിന്റെ അമിതാധികാര പ്രയോഗത്തി നെതിരെ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ ഉ യർന്നുവരുന്നത് ആ സാഹചര്യത്തിലാണ്.

ആഭ്യന്തര സുരക്ഷയുടെ പേരിലാണ്, മാവോയിസവും തീവ്രവാദവും പോലെയു ള്ള 'അപഭ്രംശ'ങ്ങളെ നേരിടാൻ ഇന്ത്യൻ ഭ

രണകൂടം ഇന്ന് അമിതാധികാരം ഉപയോഗിക്കുന്നത്. എന്നാൽ കരിനിയമങ്ങളിലൂടെ പ്രയോഗിക്കപ്പെടുന്ന ഈ അമിതാധികാരവും അത് സൃഷ്ടിക്കുന്ന ഹിംസയും മാവോയിസ്റ്റ് ഹിംസ പോല തന്നെ ന്യായീകരിക്കാൻ കഴിയാത്ത കാര്യമാണ്. ഭരണകൂട ഹിംസയ്ക്ക് ന്യായീകരണം ലഭിക്കുന്നത് അതിന് നിയമത്തിന്റെ പിൻബലമുള്ളതുകൊണ്ടാണ്. എന്നാൽ മാവോയിസ്റ്റുകളുടെ ഹിംസ നിയമവിരുദ്ധമായതുകൊണ്ട് അതിന് ഒരു ജനാധിപത്യ ക്രമത്തിനുള്ളിൽ ന്യായീകരണം കിട്ടുന്നില്ല. പക്ഷെ ഫലത്തിൽ മാവോയിസ്റ്റുകളും സ്റ്റേറ്റ് പോലീസും നടത്തുന്നത് ഒരേ രീതിയിലുള്ള ഹിംസാത്മക പ്രവർത്തനങ്ങൾ തന്നെയാണ്. എന്നാൽ എന്തുകൊണ്ടാണ് മനുഷ്യാവകാശ പ്രവർത്തകർ എപ്പോഴും ഭരണകൂട ഹിംസയെ പ്രശ്നവത്കരിക്കുന്നത്? അതിന് നിയമത്തിന്റെ പിൻബലമുണ്ട് എന്നതുതന്നെയാണ് കാരണം. തങ്ങളുടെ ഹിംസയ്ക്ക് നിയമസാധുതയുണ്ട് എന്ന കാരണത്താൽ അക്രമത്തെ ന്യായീകരിക്കാനാണ് ഭരണകൂടം ശ്രമിക്കുന്നത്. നിയമസാധുതയുണ്ട് എന്ന കാരണത്താൽ ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല ഹിംസ. ഹിംസകൊണ്ട് സുരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല, അത് പൗരസ്വാതന്ത്ര്യത്തെ കൂടുതൽ ഹനിക്കുന്നതായാണ് ഇന്ന് കാണാൻ കഴിയുന്നത്.

ജനങ്ങൾ നൽകിയ അധികാരത്തിന്റെ ഒരു പങ്ക് ഉപയോഗിച്ച് നിയമവ്യവസ്ഥ നടപ്പിലാക്കുന്ന ഭരണകൂടം ഹിംസാത്മകമാകുമ്പോൾ അതിനെ എതിർക്കേണ്ടത് ജനങ്ങളുടെ കടമയാണ്. മാവോയിസ്റ്റുകളോട് അത്തരത്തിലുള്ള ഒരു കടമ നമുക്കില്ല. ജനങ്ങളല്ല അവർക്ക് അധികാരം നൽകിയിരിക്കുന്നത് എന്നതിനാൽ ഈ നാട്ടിലെ നിയമവ്യവസ്ഥ അവർക്ക് ബാധകമല്ല. രണ്ട് ഹിംസയും ന്യായീകരിക്കാൻ കഴിയാത്തതാണ്. എന്നാൽ നിയമസാധുതകൊണ്ട് ഹിംസയെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ഭരണകൂടത്തെ എതിർക്കാൻ നമ്മൾ കൂടുതൽ ബാധ്യസ്ഥരാണ്.

**നവലിബറൽ നയങ്ങളുടെ കടന്നുകയറ്റവും ലോകബാങ്കും ഐ.എം.എഫും പോലെയുള്ള സ്ഥാപനങ്ങളുടെ ഇടപെടലുകളും മുതലാളിത്തവും ഇന്ത്യ പോലെയുള്ള മൂന്നാംലോക രാജ്യങ്ങളുടെ ഭരണകൂടങ്ങളെ കൂടുതൽ ഹിംസാത്മകമാക്കിയിട്ടുണ്ടോ?**

തീർച്ചയായും. അമേരിക്കക്ക് സൂപ്പർ പവർ ആകാനുള്ള സാമ്പത്തിക ക്രമം സൃഷ്ടിക്കാനാണ് നവലിബറൽ നയങ്ങൾ ശ്രമിക്കുന്നത്. 1973ൽ മധ്യപൂർവ്വേഷ്യയിലെ എണ്ണക്കയറ്റുമതി രാഷ്ട്രങ്ങൾ പരസ്പരമുള്ള മത്സരം നിർത്തുകയും എല്ലാവരും ഒരേ നിരക്കിൽ എണ്ണയുടെ വില നിശ്ചയിക്കാൻ തീരുമാനിക്കുകയും ചെയ്തതോടെ തകർന്നു തുടങ്ങിയതാണ് അമേരിക്കൻ സമ്പദ്വ്യവസ്ഥ. ഇസ്രയേലിന് ആയുധം നൽകി, അറബ് എണ്ണ രാഷ്ട്രങ്ങളിൽ അശാന്തി പടർത്താൻ അമേരിക്ക തുടങ്ങിയത് അക്കാലം മുതലാണ്. അമേരിക്കയെ ചുറ്റിപ്പറ്റി നിൽക്കുന്ന ആഗോള മുതലാളിത്തം തങ്ങളുടെ നിലനിൽപ്പിനായി നവലിബറൽ നയങ്ങൾ സജീവമായി മുന്നോട്ട് വയ്ക്കുന്നതും ഇതിനെ തുടർന്നാണ്. സേവന മേഖലയ്ക്ക് ഊന്നൽ നൽകുന്ന സമ്പദ്വ്യവസ്ഥയാണ് അമേരിക്കയുടേത്. അവർക്ക് ആകെ വിൽക്കാനുള്ളത് സേവനങ്ങളാണ്, പിന്നെ ആയുധങ്ങളും. ബാങ്കിംഗ്, ഇൻഷുറൻസ്, ആരോഗ്യം, സ്വകാര്യ സംരംഭകർ, വിനോദം, മാധ്യമം തുടങ്ങിയ സേവന മേഖലകളിലുള്ള തങ്ങളുടെ മേൽകൈ ലോകം മുഴുവൻ വ്യാപിപ്പിച്ച് ലാഭം കണ്ടെത്താനാണ് അമേരിക്ക ശ്രമിക്കുന്നത്. സേവന മേഖല സ്വകാര്യവത്കരിച്ചിട്ടില്ലാത്ത മൂന്നാംലോക രാജ്യങ്ങളെ അതിനായി നിർബന്ധിക്കുന്നതിന് നവലിബറൽ നയങ്ങൾ ഉപയോഗിക്കപ്പെട്ടു.

ആ ശ്രമം വിജയിക്കുകയും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ തങ്ങളുടെ സേവന മേഖലയെ വിൽപ്പനച്ചരക്കാക്കിയതോടെ അമേരിക്കൻ നിക്ഷേപകർ യഥേഷ്ടം ഇവിടേക്ക് കടന്നുവരുകയും ചെയ്തു. ബാങ്കിംഗ്, ഇൻഷുറൻസ്, റോഡ് നിർമ്മാണം, ആരോഗ്യം, ചില്ലറ വ്യാപാരം തുടങ്ങിയ മേഖലയിലേക്കെല്ലാം അവർ കടന്നുവന്നു. വിഭവങ്ങൾ ഉപയോഗിക്കുന്നതെല്ലാം നമ്മുടേതാണ്. പണി നടത്തുന്നതും ലാഭമെടുക്കുന്നതും അമേരിക്കൻ നിക്ഷേപകർ എന്നതാണ് ഇന്നത്തെ അവസ്ഥ. നമ്മുടെ സമ്പദ്വ്യവസ്ഥയെ നവലിബറൽ സാമ്പത്തിക നയങ്ങൾ സഹായിക്കുന്നില്ല എന്ന് പറയാൻ കാരണം അതാണ്. ലാഭമെല്ലാം കൊണ്ടുപോകുന്നത് വിദേശ കമ്പനികൾ തന്നെയാണ്. സേവന മേഖലയിൽ നിന്നും സർക്കാർ പിൻവലിഞ്ഞതോടെ അസമത്വം വർദ്ധിച്ചു. സബ്സിഡികൾ വ്യാപകമായി പിൻവലിക്കപ്പെട്ടു. ആഗോള സമ്പദ്വ്യവസ്ഥയോട് മാത്രം ഉത്തരവാദിത്തമുള്ള ഒന്നായി ഇന്ത്യൻ സമ്പദ്വ്യവസ്ഥ മാറി. ചെറുകിട വ്യാപാര മേഖലയിലേക്കും ഇപ്പോൾ വിദേശ നിക്ഷേപം വരാൻ പോവുകയാണ്. എന്താകും സ്ഥിതി? എത്ര ലക്ഷങ്ങളെയാണ് അത് വഴി

**കലാപപ്രേരണ കേസ്**

അഫ്സൽ ഗുരുവിന്റെ വധശിക്ഷയിൽ പ്രതിഷേധിച്ച വിബ്ജിയോർ ഫിലിം കളക്ടീവ് പ്രവർത്തകർക്കെതിരെ കലാപ പ്രേരണകുറ്റത്തിന് കേസെടുത്തു. 2013 ഫെബ്രുവരി 11ന് തൃശൂർ റീജിയണൽ തീയേറ്ററിന് മുന്നിലാണ് പ്രതിഷേധ യോഗം നടന്നത്. വിബ്ജിയോർ ഫിലിം ഫെസ്റ്റിവൽ നടക്കുന്നതിനെ അഫ്സൽ ഗുരുവിനെ തൂക്കിലേറ്റിയ വിവരം അറിഞ്ഞ് നടത്തിയ സമാധാനപരമായ പ്രതിഷേധ യോഗത്തിൽ പങ്കെടുത്തവർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്.

യാധാരമാക്കാൻ പോകുന്നത്. അത്തരത്തിൽ, നവലിബറൽ നയങ്ങളുടെ ഭാഗമായി വഴിയാധാരമായി മാറിയവർ പ്രതിഷേധിച്ച് തുടങ്ങിയതോടെ ഭരണകൂടത്തിന് കൂടുതൽ ഹിംസാത്മകമാകേണ്ടി വന്നിട്ടുണ്ട്. കാരണം ആഗോള മുതലാളിത്തത്തിന്റെ തടസ്സമില്ലാത്ത സഞ്ചാരം അവരുടെ ബാധ്യതയാണ്.

ആഗോള മുതലാളിത്തത്തിന് നിയമവിധേയമായി പ്രവർത്തിക്കുന്ന ഭരണകൂടത്തെയല്ല വേണ്ടത്. അഴിമതിയുണ്ടെങ്കിൽ മാത്രമെ അവർക്ക് കാര്യങ്ങൾ എളുപ്പമാവുകയുള്ളൂ. ഭരണകൂടങ്ങളെ delegitimise ചെയ്യുക എന്ന ദൗത്യമാണ് ഇപ്പോൾ മുതലാളിത്തം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ കാണുന്ന അഴിമതിയെല്ലാം അതിന്റെ ഭാഗമായുണ്ടാകുന്നതാണ്. ചരിത്രം പരിശോധിച്ചാൽ അത് കാണാൻ കഴിയും. രാജീവ്ഗാന്ധിയുടെ കാലത്ത് നടന്ന ബോഫോഴ്സ് ഇടപാടോടെയാണ് ആഗോള മുതലാളിത്തത്തിന് ഇന്ത്യയിൽ ആദ്യമായി ഒരു വൻ ഇടപെടലിന് അവസരം ലഭിക്കുന്നത്. അന്നുതന്നെ വലിയ തോതിലുള്ള അഴിമതിയുടെയും ചരിത്രം ആരംഭിച്ചു. അഴിമതി സുഗമമായി നടത്തുന്നതിന് വേണ്ടിയും ഭരണകൂടം ഇന്ന് കൂടുതൽ ഹിംസാത്മകമാകുന്നുണ്ട്.

**പല സന്ദർഭങ്ങളിൽ ഭരണകൂടവും നക്സലൈറ്റുകളും തമ്മിലുള്ള സന്ധി സംഭാഷണങ്ങൾക്ക് താങ്കൾ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അടുത്തകാലത്ത് ഛത്തീസ്ഗഢിലെ സുക്മ ജില്ലാ കളക്ടർ അലക്സ് പോൾ മേനോനെ മാവോയിസ്റ്റുകൾ തട്ടിക്കൊണ്ടുപോയ കേസിലും താങ്കളായിരുന്നു ബി.ഡി. ശർമ്മയ്ക്കൊപ്പം സന്ധി സംഭാഷണത്തിന് നിയോഗിക്കപ്പെട്ടത്. ആ അനുഭവത്തിൽ നിന്നും, ചുവപ്പൻ ഇടനാഴിയിലെ മാവോയിസ്റ്റ് ഭരണം പാർലമെന്ററി ജനാധിപത്യത്തിന്റെ നിലവിലെ പ്രതിസന്ധികൾക്ക് പരിഹാരമായി തോന്നുന്നുണ്ടോ?**

തട്ടിക്കൊണ്ടുപോയവരെ മോചിപ്പിക്കുന്നതിനായി ആന്ധ്രയിലും ഛത്തീസ്ഗഢിലും ഒറീസ്സയിലും ഞാൻ മാവോയിസ്റ്റുകൾക്കും സർക്കാറിനുമിടയിലുള്ള മീഡിയേറ്ററായി പോയിട്ടുണ്ട്. മാവോയിസ്റ്റുകളുടെ സമീപനത്തിൽ വന്ന ഒരു മാറ്റം അതിലൂടെ എനിക്ക് നിരീക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവസാനമായി ഞാൻ മീഡിയേറ്ററായി ഇടപെട്ട കേസ് ഒറീസയിലെ മൽകാംഗിരി ജില്ലാ കള്കടറെയും ബിജു ജനതാദൾ എം.എൽ.എയും തട്ടിക്കൊണ്ടുപോയതാണ്. അന്ന് നിരവധി ചർച്ചകൾ മാവോയിസ്റ്റുകൾക്കും സർക്കാറിനുമിടയിൽ നടന്നു. 14 ആവശ്യങ്ങളാണ് അ



പ്രൊഫ. ജി. ഹരഗോപാൽ

ന്ന് അവരുടെ മോചനത്തിനായി മാവോയിസ്റ്റുകൾ മുന്നോട്ട് വച്ചത്. അതിൽ എട്ട് എണ്ണം സർക്കാർ അംഗീകരിക്കുകയും ചെയ്തു. സർക്കാറും മാവോയിസ്റ്റുകളും തമ്മിൽ ചില സന്ധികൾ സാധ്യമാകുന്നതിന്റെ ഉദാഹരണമായിരുന്നു ആ സംഭവം. സർക്കാറിനോട് മാവോയിസ്റ്റുകൾ ആവശ്യപ്പെട്ട പല കാര്യങ്ങളും ഒരു ജനാധിപത്യ സംവിധാനത്തിനുള്ളിൽ നിന്ന് സർക്കാറിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളായിരുന്നു.

ജയിലിൽ അടച്ചിരിക്കുന്ന നിരപരാധികളായ ആദിവാസികളെ വിട്ടയയ്ക്കുക, വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കർഷകർക്ക് ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, ആദിവാസി മേഖലകളിൽ ബോക്സൈറ്റ് ഖനനത്തിനായി നൽകിയ അനുമതികൾ റദ്ദാക്കുക, കുടിയൊഴിപ്പിക്കപ്പെട്ടവർക്കും കസ്റ്റഡിമരണത്തിന് ഇരകളായവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം നൽകുക തുടങ്ങിയ 14 ആവശ്യങ്ങളാണ് തട്ടിക്കൊണ്ടുപോയവരെ വിട്ടയയ്ക്കുന്നതിനായി മാവോയിസ്റ്റുകൾ മുന്നോട്ട് വച്ചത്. ജയിലിൽ കഴിയുന്ന അവരുടെ പ്രവർത്തകരെ വിട്ടയയ്ക്കുക എന്ന ആവശ്യവും അതിലുണ്ടായിരുന്നു. എന്നാൽ മറ്റ് ആവശ്യങ്ങളെല്ലാം ഒരു ജനാധിപത്യ സർക്കാറിന് അവരുടെ നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അന്യായമായി തടങ്കലിൽ വച്ചവരെ വിട്ടയയ്ക്കാൻ അവർ ആവശ്യപ്പെടുന്നത് ഇന്ത്യൻ സ്റ്റേറ്റ് നിയമപ്രകാരമാണ്. അത്തരത്തിൽ ഒരുപരിധിവരെ നിലനിൽക്കുന്ന ജനാധിപത്യ സർക്കാറിനെ അംഗീകരിക്കുന്ന തരത്തിലുള്ള ആവശ്യങ്ങളാണ് മാവോയിസ്റ്റുകൾ മുന്നോട്ട് വച്ചത്. സ്റ്റേറ്റിനെതിരെ യുദ്ധം ചെയ്യുമ്പോഴും നി

ലവിൽ സ്റ്റേറ്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ജനാധിപത്യപരമായി പ്രവർത്തിക്കുന്ന എല്ലാവർക്കുമുള്ള ധാരണകൾ തന്നെയാണ് മാവോയിസ്റ്റുകൾക്കുമുള്ളത്.

സർക്കാറിനും മാവോയിസ്റ്റുകൾക്കും ഇടയിലുണ്ടായിരിക്കുന്ന ഈ ജനാധിപത്യ ഇടത്തെ കൂടുതൽ വികസിതമാക്കാനാണ് സാമൂഹിക പ്രവർത്തകർ ശ്രമിക്കേണ്ടത്. മീഡിയേഷനിലൂടെയെല്ലാം അതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. 400 ആദിവാസികളെയാണ് ആ ചർച്ചയെ തുടർന്ന് ഒറീസ സർക്കാർ ജയിൽ മോചിതരാക്കിയത്. പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മൂന്നര ലക്ഷം രൂപ വീതം നൽകാനും കഴിഞ്ഞു.

**ദുർബല ജനവിഭാഗങ്ങളിലേക്ക് അധികാരമെത്തുന്നതിലൂടെയും അധികാരം എല്ലാ സാമൂഹിക വിഭാഗങ്ങളുമായി പങ്കുവയ്ക്കപ്പെടുന്നതിലൂടെയും നിലവിലുള്ള വരേണ്യമായ/പ്രബലവിഭാഗങ്ങളെ പിന്താങ്ങുന്ന അധികാര വ്യവസ്ഥ പൊളിച്ചെഴുതാൻ കഴിയുമോ? പക്ഷെ മായാവതിയും ബി.എസ്.പിയുമെല്ലാം ഒരു കയ്പ്പേറിയ അനുഭവമായിരുന്നല്ലോ?**

അധികാരം എന്നത് എപ്പോഴും സ്വേച്ഛാധിപത്യത്തിലേക്ക് വഴിമാറാൻ സാധ്യതയുള്ള കാര്യമാണ്. മായാവതിക്കും ദ്രാവിഡ പാർട്ടികൾക്കുമെല്ലാം സംഭവിച്ചത് അതാണ്. മമതയ്ക്കും അതുതന്നെ സംഭവിച്ചു. അവർണ്ണാധികാരം എന്നത് രാഷ്ട്രീയാധികാരം കൈവശപ്പെടുത്തുക എന്നത് മാത്രമല്ല, സാംസ്കാരികമായ ഒരു പൊളിച്ചെഴുത്തുകൂടിയാണ്. ഇന്ത്യയിലെ സമകാലിക ദളിത് മൂവ്മെന്റുകൾ അക്കാര്യത്തിൽ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. അതിനെ ശ്രദ്ധിക്കേണ്ട അവസ്ഥയിലാണ് ഇന്ന് മായാവതിയെപ്പോലെയുള്ളവർ ഉള്ളത്. വരേണ്യാധികാരത്തെ ചോദ്യം ചെയ്യുന്ന പല തരത്തിലുള്ള മൂവ്മെന്റുകൾ ഇന്ത്യയിലുടനീളം നടക്കുന്നുണ്ട്. Incremental demads ന് വേണ്ടി നടക്കുന്ന സമരങ്ങളുണ്ട്, structural changes ആവശ്യപ്പെടുന്ന സമരങ്ങളുണ്ട്. രണ്ടും രണ്ട് വഴിക്കാണ് നടക്കുന്നതെങ്കിലും രണ്ടും സൃഷ്ടിക്കുന്ന സമ്മർദ്ദം ഭരണകൂടത്തിന്റെ വരേണ്യ-സ്വേച്ഛാധികാര പ്രവണതകളെ തകർക്കുന്നുണ്ട്. ഇന്ത്യൻ സമൂഹം നിശ്ശബ്ദമല്ല എന്ന സൂചനയാണ് ആ സമരങ്ങൾ നൽകുന്നത്. ബദൽവഴികൾ അവയിലൂടെ തന്നെയാണ് ഉയർന്നുവരുന്നത്.

**പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും നിയമജ്ഞനുമായ കെ. ബാലഗോപാലിനൊപ്പം ആന്ധ്ര സിവിൽ ലിബർട്ടീസ് കമ്മിറ്റിയിൽ പ്രവർത്തിച്ചിട്ടുള്ള താങ്കൾ അദ്ദേഹത്തെ എങ്ങനെയാണ് ഓർക്കുന്നത്?**

ബാലഗോപാൽ ഒരു അസാധാരണ മനുഷ്യനായിരുന്നു. ഒരേ സമയം തീവ്രമായ ധിഷണാശേഷിയുള്ള ബുദ്ധിജീവിയായും പാവങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ കഴിയുന്ന സാമൂഹിക പ്രവർത്തകനായും ജീവിച്ച അപൂർവ്വ വ്യക്തിയാണ് അദ്ദേഹം. ഗണിതശാസ്ത്രത്തിലും സാമൂഹിക വിശകലനത്തിലും നിയമത്തിലും വസ്തുതാന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും ഇക്കണോമിക്ക് ആന്റ് പൊളിറ്റിക്കൽ വീക്ക്ലിയിൽ ലേഖനങ്ങളെഴുതുന്നതിലും അദ്ദേഹം ഒരുപോലെ പ്രാഗത്ഭ്യം തെളിയിച്ചു. അതും അപൂർവ്വം ആളുകൾക്ക് മാത്രം കഴിയുന്ന കാര്യമാണ്.

കറന്റ് ഇല്ലാത്ത ഒരു ഗ്രാമത്തിൽ വസ്തുതാന്വേഷണത്തിന് ചെന്ന അദ്ദേഹം ബസ്സ്റ്റാൻഡിലെ കക്കൂസിനോട് ചേർന്നുള്ള ലൈറ്റിന് താഴെയിരുന്ന് റിപ്പോർട്ട് ടൈപ്പ്റൈറ്ററിൽ ടൈപ്പ് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. ബാഹ്യാന്തരീക്ഷം അദ്ദേഹത്തിന് ഒരു പ്രശ്നമേ ആയിരുന്നില്ല. ബാഹ്യാന്തരീക്ഷത്തിന്റെ പ്രശ്നങ്ങളെ മറികടക്കുന്ന തരത്തിലുള്ള ഒരു ആന്തരിക വസന്തം അദ്ദേഹത്തിന്റെ ഉള്ളിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഉന്നതനിലവാരത്തിലായിരുന്നു ബാലഗോപാൽ  ആന്ധ്ര സിവിൽ ലിബർട്ടീസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോയിരുന്നത്. അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം അത്രയും ഉന്നതമായ തലത്തിൽ കാര്യങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന നേതൃത്വം സിവിൽ ലിബർട്ടീസ് പ്രസ്ഥാനത്തിൽ ഇല്ലാതെയായി.

ഉന്നതനിലവാരം പുലർത്തിയിരുന്ന വ്യക്തിത്വങ്ങളുടെ പെട്ടെന്നുണ്ടാകുന്ന അഭാവം ഏത് പ്രസ്ഥാനത്തെയും വല്ലാത്ത പ്രതിസന്ധിയിലാക്കുന്നുണ്ട്. അവർ ചെയ്യുന്ന തലത്തിൽ തുടർന്നും കാര്യങ്ങൾ ചെയ്യാൻ എല്ലാവർക്കും കഴിയണമെന്നില്ല. ഗാന്ധിയുടെ വേർപാട് കോൺഗ്രസ്സിനെയും അത്തരത്തിലുള്ള പ്രതിസന്ധിയിൽ എത്തിച്ചിട്ടുണ്ട്. ബാലഗോപാലിന്റെ വിയോഗം സമാനമായ പ്രതിസന്ധിയിൽ ആന്ധ്രയിലെ മനുഷ്യാവകാശ പ്രസ്ഥാനങ്ങളെ എത്തിച്ചിരിക്കുന്നു. ■